പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :638 | 29.11. 2018 ൽ മറുപടിക്ക്

## കെ. എസ്. ഇ. ബി. യ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക

ചോദ്യം | ഉത്തരം

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയായി കെ. എസ്. ഇ. ബി. ക്ക് വിവിധ ഇനം ഉപഭോക്താക്കളിൽ നിന്ന് പിരിഞ്ഞുകിട്ടാനുള്ള തുകയിൽ എന്ത് തുക എത്ര ഉപഭോക്താക്കളിൽനിന്ന് പിരിച്ചെടുക്കാനായി ;വ്യക്തമാക്കാമോ; | (എ) വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ കുടിശ്ശിക തുകകളുടെ വലിയൊരു സംഖ്യ കോടതിയിലോ മറ്റിതര തർക്കപരിഹാര ഫോറങ്ങളിലോ ഉൾപ്പെട്ടിട്ടുള്ളവയാണ്. ഇതല്ലാതെ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ വാട്ടർ അതോറിട്ടി പോലുള്ള സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദീർഘകാലമായുള്ള വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാനായി പ്രഖ്യാപിച്ച ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതി 2016 പ്രകാരം 225 ഉപഭോക്താക്കളിൽ നിന്നും 7,06,47,118/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) കെ. എസ്. ഇ. ബി. ക്ക് പിരിഞ്ഞ് കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നത് യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ;<br>(സി) വളരെക്കാലമായി കെ. എസ്. ഇ. ബി. ക്ക് പിരിഞ്ഞു കിട്ടാനുള്ള ഇത്തരത്തിലുള്ള തുക പിരിച്ചെടുക്കുന്നതിന് കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ ഉണ്ടായിട്ടുണ്ടോ; അവ ഫലം കണ്ട് തുടങ്ങിയിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (ബി & സി) കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടേയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും, അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നല്കുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERC യുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശനിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബി.എൽ. കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2016ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിനു പുറമെ 08.06.2018 ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗരേഖകൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള ഉത്തരവ് ബോർഡ് 20.08.2018-നു പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശികകൾ തീർപ്പാക്കുവാനായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി ചീഫ് |

| | |
|---|---|
| | എഞ്ചിനീയർമാരുടെ കീഴിലുള്ള ജില്ലാതല കമ്മറ്റികൾക്കു ഇത്തരത്തിലുള്ള കുടിശ്ശികയുടെ മുതലിനത്തിൽ തന്നെ ഇളവുകൾ അടക്കം അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. നിലവിലെ പദ്ധതിക്ക് 31.12.2018 വരെ പ്രാബല്യം ഉണ്ട്. |
| (ഡി) വൻതുക കുടിശ്ശികയുള്ള ഇത്തരക്കാരിൽ നിന്ന് തുക പിരിച്ചെടുക്കാതെ പ്രഖ്യാപനങ്ങൾ മാത്രം നടത്തുന്നു എന്ന ആക്ഷേപം നിലനിക്കുമ്പോൾ ചെറുകിട ഗാർഹിക ഉപഭോക്താക്കൾ വൈദ്യുതിയുടെ ദ്വൈമാസബില്ലടക്കുന്നതിന് താമസം നേരിട്ടാൽ വൈദ്യുതി പൊടുന്നനെ വിച്ഛേദിച്ച് വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ വൻ കുടിശ്ശികക്കാരെ ഗവൺമെന്റ് നിയന്ത്രണത്തിലാക്കി തുക പിരിച്ചെടുക്കാൻ കർശന നടപടികൾ സ്വീകരിക്കാമോ ? | (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് വൈദ്യുതി കുടിശ്ശികയിനത്തിൽ കിട്ടാനുള്ളതിൽ (2580.33 കോടി) ഭൂരിഭാഗവും കിട്ടാനുള്ളത് കേരള വാട്ടർ അതോറിറ്റി (1411.11 കോടി), സംസ്ഥാന-കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ (106.98 കോടി), സർക്കാർ വകുപ്പുകൾ (94.83 കോടി), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ(4.39 കോടി) എന്നിവയിൽ നിന്നാണ്. ഈ കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുവാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപടികൾ എടുത്തു വരുന്നു. ഹൈടെൻഷൻ ഉപഭോക്താക്കളിൽ നിന്ന് 1508.25 കോടി രൂപയും ലോ ടെൻഷൻ ഉപഭോക്താക്കളിൽ നിന്ന് 1072.08 കോടി രൂപയും ആണ് കുടിശ്ശികയായി കിട്ടാനുള്ളത്. ഇതിൽ ഭൂരിഭാഗവും വിവിധ കോടതി വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്നതിനാലാണ് കുടിശ്ശിക പിരിച്ചെടുക്കുവാൻ കഴിയാതെ വന്നിട്ടുള്ളത്.<br><br>സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ അല്ലാത്ത മറ്റ് എല്ലാ ഉപഭോക്താക്കളുടെ കാര്യത്തിലും കുടിശ്ശിക വരുത്തിയാൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഡിസ്കണക്ഷൻ നോട്ടീസ് നൽകി വൈദ്യുതിബന്ധം വിച്ഛേദിക്കുന്ന നടപടി പക്ഷപാതപരമല്ലാതെ തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കൃത്യമായി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ